**മാതുർഗർഭഗതോ വീരസ്സ തദാ ഭൃഗുനന്ദന!**
**ദദർശ പുരുഷം കഞ്ചിദ് ദഹ്യമാനോ$f$സ്ത്രതേജസാ (1-12-7)**
**അംഗുഷ്ഠമാത്രമമലം സ്ഫുരത്പുരടമൌലിനം**
**അപീച്യദർശനം ശ്യാമം തഡിദ്വാസസമച്യുതം (1-12-8)**

ശൗനകൻ പ്രാർത്ഥിച്ചു:
അല്ലയോസൂതാ, ഉത്തരയുടെ ഗർഭസ്ഥശിശുവിനെ ശ്രീകൃഷ്ണൻ രക്ഷിച്ചുവെന്നുപറഞ്ഞുവല്ലോ. പരീക്ഷിത്തിൻെറ ജനനത്തേപ്പറ്റിയും അദ്ദേഹമെന്തൊക്കെച്ചെയ്തുവെന്നും ഇനി പറഞ്ഞുതന്നാലും.

സൂതൻ പറഞ്ഞു:
അതിഭയങ്കരമായ നാളത്തോടുകൂടിയ ഒരുതീഗോളം ഉത്തരയുടെവയറ്റിൽക്കിടക്കുന്ന ശിശുവിനെ പീഢിപ്പിച്ചുകൊണ്ടിരിക്കെ കൈവിലരോളംവലിപ്പവും നീലവർണ്ണവും മഞ്ഞവസ്ത്രധാരിയുമായ ഒരു സത്വം സൂര്യനെപ്പോലെതിളങ്ങിയും സുവർണ്ണകിരീടം ധരിച്ചും പ്രത്യക്ഷമായി. അത് ശ്രീകൃഷ്ണഭഗവാൻതന്നെയായിരുന്നു. ആയുധത്തെനിർവീര്യമാക്കിയതും ആഗ്നേയാസ്ത്രത്തിൻെറ ചൂടിൽനിന്നും തന്നെരക്ഷിച്ചതും ആ സത്വമാണെന്നു ശിശു മനസ്സിലാക്കി. തീയെല്ലാമടങ്ങിയപ്പോൾ ശിശുവിൻെറ കാഴ്ചയിൽനിന്നും ആ തേജ:പുഞ്ജം മറഞ്ഞുപോയി. പിന്നീട് ഉത്തര നല്ലൊരു മുഹൂർത്തത്തിൽ പാണ്ഡവകുലത്തിൻെറ അവകാശിയായ ശിശുവിനെ പ്രസവിച്ചു. ശിശുവിൻെറ മുത്തച്ഛന്മാർ സന്തോഷിച്ചു. രാജാവാകട്ടെ കയ്യഴിഞ്ഞ് ദാനധർമ്മങ്ങൾ ചെയ്ത് ഈ അവസരം ആഘോഷിച്ചു.

നക്ഷത്രനിലകൾ നോക്കിയ ജോത്സ്യന്മാർ കുട്ടി ഭാവിയിൽ ധർമ്മിഷ്ഠനും മഹാനുമായ രാജാവായിത്തീരുമെന്നു പ്രവചിച്ചു. ഇക്ഷ്വാകുവിനെപ്പോലെ നീതിമാനായഭരണകർത്താവും രാമനെപ്പോലെ സത്യപരിരക്ഷകനും ശിബിയെപ്പോലെ ദാനശീലനും ഭരതനെപ്പോലെ പ്രശസ്തനും അർജ്ജുനനെപ്പോലെ വില്ലാളിയും സിംഹത്തെപ്പോലെ വീരനും ഭൂമിയെപ്പോലെ ക്ഷമാശീലനും ബ്രഹ്മാവിനെപ്പോലെ സമബുദ്ധിയും ശിവനെപ്പോലെ ഉന്നതനും വിഷ്ണുവിനെപ്പോലെ സംരക്ഷകനും ശ്രീകൃഷ്ണൻെറ ഗുണഗണങ്ങളുള്ളവനും രന്തിദേവനെപ്പോലെ ദയാവായ്പ്പുള്ളവനും യയാതിയെപ്പോലെ പാവനചരിതനും ബാലിയെപ്പോലെ ഉറച്ചവനും പ്രഹ്ളാദനെപ്പോലെ കൃഷ്ണഭക്തനുമായി പരീക്ഷിത്തു രാജ്യം ഭരിച്ചു. ദുഷ്ടശക്തികളെ മുഴുവൻ കീഴ്പ്പെടുത്താനും അദ്ദേഹത്തിനു കഴിഞ്ഞു.

കാലമേറെക്കഴിഞ്ഞപ്പോൾ അദ്ദേഹത്തിന് ബ്രാഹ്മണശാപമേൽക്കാനിടയായി. അതുമൂലം സർപ്പദംശനമേറ്റുള്ള മരണം തീർച്ചയായിരുന്നു. മരണം കാത്തുകിടക്കുമ്പോൾ രാജാവ് സർവ്വസമ്പൽസമൃദ്ധികളുമുപേക്ഷിച്ച് ഭഗവൽക്കഥകൾ കേൾക്കുന്നതിൽമാത്രമുത്സുകനായിക്കഴിഞ്ഞു. കഥകൾ പറഞ്ഞുകൊടുത്തത് മഹാമുനിയായ ശുകൻതന്നെയായിരുന്നു. അങ്ങിനെ ഭഗവൽച്ചരണങ്ങളിൽ മനസ്സുറപ്പിച്ച് രാജാവ് ഭൗതികശരീരത്തെ ഉപേക്ഷിക്കുകയാണുണ്ടായത്. ജനനസമയത്ത് വിഷ്ണുവിനാൽ പരിരക്ഷിക്കപ്പെട്ടവനായതുകൊണ്ട് അദ്ദേഹം വിഷ്ണുരാതനെന്ന പേരിലും അറിയപ്പെടുന്നു. അമ്മയുടെ ഗർഭപാത്രത്തിൽവെച്ചുകണ്ട ആ തോജോരൂപത്തെ തുടർന്നും ജീവിതകാലംമുഴുവൻ അന്വേഷിച്ചിരുന്നതുകൊണ്ട് അദ്ദേഹത്തെ പരീക്ഷിത്ത് എന്നും വിളിക്കുന്നു. (പരീക്ഷിത്ത് -എന്തിനെങ്കിലും വേണ്ടി നിരന്തരം തേടിക്കൊണ്ടിരിക്കുന്നയാൾ)